(സി) ഓരോ പ്രാവശ്യവും ഗ്രാന്റ് തടയുമ്പോൾ പ്രസ്തുത സർവ്വകലാശാല എന്തെങ്കിലും ഉറപ്പു നൽകിയിരുന്നുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഏറ്റവും ഒടുവിൽ പ്രസ്തുത സർവ്വകലാശാലയുടെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നാണ് സമ്മതിച്ചിരുന്നത്; ആ ഉറപ്പ് സർവ്വകലാശാല പാലിച്ചുവോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ഇ) പ്രസ്തുത ശുപാർശ നടപ്പാക്കിക്കൊള്ളാമെന്ന് ഏതെങ്കിലും ഘട്ടത്തിൽ സർവ്വ കലാശാല സമ്മതിച്ചിട്ടുണ്ടോ;

(എഫ്) ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ കണ്ടെത്തൽ തെറ്റാണെന്നും അതിന് ന്യായീകരണമില്ലെന്നും സർവ്വകലാശാല റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്റെ ആധികാരിക സ്വഭാവത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) പദ്ധതിയേതരയിനത്തിൽ 2003-2004 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 44 കോടി രൂപ പ്രതിമാസ ഗഡുക്കളായി സർവ്വകലാശാലയ്ക്ക് നൽകുന്നു. ഈ ഗ്രാന്റ് അദ്ധ്യാപകരുടേയും, മറ്റു ജീവനക്കാരുടേയും, തൊഴിലാളി കളുടേയും ശമ്പളം, മറ്റ് കണ്ടിൻജന്റ് ചെലവുകൾ, സർവ്വീസിൽനിന്ന് പിരിഞ്ഞു പോകുന്ന വരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ഉപയോഗിക്കുന്നു.

(ബി, സി) പ്രതിമാസ ഗ്രാന്റ് തടഞ്ഞിട്ടില്ല.

(ഡി—ജി) ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പിന്റെ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് സർവ്വകലാശാലയിൽനിന്നും ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

അന്യ സംസ്ഥാനത്തുനിന്നും നാൽക്കാലികളെ കൊണ്ടുവരുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ

79 [4817] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനത്തുനിന്നും ഇറച്ചിക്കും മറ്റുമായി നാൽക്കാലികളെ കൊണ്ടു വരുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ദിവസം ഇറച്ചി വിൽപ്പനയ്ക്കായി അന്യ സംസ്ഥാനത്തുനിന്നും ഒട്ടകത്തെ കൊണ്ടുവന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വ്യക്തിക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1940-ലെ ജന്തുദ്രോഹ നിരോധന നിയമപ്രകാരവും 1978-ലെ ട്രാൻസ്പോർട്ടേഷൻ ഓഫ് അനിമൽസ് റൂൾസ് (അമന്റ്മെന്റ് റൂൾസ്), അമന്റ്മെന്റ് റൂൾസ് ടു പി.സി.എ. ആക്ട് 1960, 2001-ലെ അമന്റ്മെന്റ് റൂൾസ് എന്നിവ പ്രകാരവും ജന്തുക്കളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് നടത്തിയോ വാഹനങ്ങളിലോ കൊണ്ടു പോകുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. അഞ്ച് കിലോമീറ്ററിലധികം നടത്തിക്കൊണ്ടുപോകേണ്ട സാഹചര്യത്തിലും ഈ നിയമങ്ങൾ ബാധകമാണ്. ഇതിനു പുറമേ ഇങ്ങനെ ജന്തുക്കളെ യാത്രചെയ്യിക്കുമ്പോൾ അവയ്ക്ക് വേണ്ടത്ര ആരോഗ്യം ഉണ്ടെന്നും സാംക്രമിക രോഗങ്ങൾ ഇല്ലായെന്നും അത്തരം രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തി വെപ്പ് നടത്തിയിട്ടുണ്ടെന്നും സ്ാക്ഷ്യപ്പെടുത്തുന്ന രജിസ്റ്റേർഡ് വെറ്ററിനറി ഡോക്ടർ നിർദ്ദിഷ്ട ഫാറത്തിൽ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. പ്രസ്തുത നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ ബന്ധപ്പെട്ട അധികൃതർ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) ഐ.പീ.സി. 429-ാം വകുപ്പ് പ്രകാരം ക്രൈം നമ്പർ 322/03യു/എസ്. 429/ പി.സി. 11 (4) (1) (കെ.) പ്രിവൻഷൻ ഓഫ് ക്രുവൽറ്റി റ്റു അനിമൽസ് ആക്റ്റ് 1960 ആന്റ് അമെന്റ്മെന്റ് ആക്ട് 1987 പ്രകാരം ഹോസ്ദുർഗ്ഗ് പോലീസ് കേസ് എടുത്ത് അന്വേഷണം നടത്തി നടപടി സ്വീകരിച്ചു.

കയർ വ്യവസായ മേഖലയിൽ കൂടുതൽ സാമ്പത്തിക സഹായം

80 [4818] ശ്രീ. പി. കെ. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനായി കയർ വ്യാവസായ മേഖലയിൽ കൂടുതൽ സാമ്പത്തിക സഹായം നൽകുമോ;

(ബി) കയറിന്റെ ആഭ്യന്തര വിപണിയും അന്താരാഷ്ട്ര മാർക്കറ്റും കണക്കിലെടുത്ത് വൈവിധ്യമാർന്ന കയറുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ കയർ സഹകരണ സംഘങ്ങളെ സഹായിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ കയർ വ്യവസായത്തിന്റെ സംരക്ഷണത്തിന് സർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയിലെ കൂടുതൽ വ്യവസായങ്ങളും സഹകരണ സംഘങ്ങളും ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ്. ഇതിനു പുറമെ ഇവിടെ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. കയർ മേഖലയിലെ പദ്ധതികളെല്ലാംതന്നെ ഈ പ്രദേശത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly